**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **13-01-2021 - ൽ മറുപടിയ്ക്ക്**

**ലോക് ഡൗൺ കാലത്തെ വൈദ്യുതി ബില്ലിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ലോക് ഡൗൺ കാലത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് ബില്ലിൽ ഇളവുകൾ നൽകിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | (എ) ഇളവുകൾ നൽകിയിരുന്നു. ലോക്ഡൗൺ കാലത്ത് ഗാർഹികം, വ്യവസായം, വാണിജ്യം എന്നീ താരിഫ് കാറ്റ ഗറിയിൽ ഉൾപ്പെടുന്ന ഉപഭോക്താക്കൾക്കും, സ്വകാര്യ ആശു പത്രികൾക്കും അവരുടെ വൈദ്യുതി ചാർജ്ജിൽ ഇളവുകൾ നൽകിയിരുന്നു. (a)ഗാർഹികം കോവിഡ് കാലത്ത്, മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ, വർദ്ധനവ് മൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ് സബ്സിഡി അനുവദിച്ചിരുന്നു. താഴെ പറയുന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചത്. 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേ ക്കാൾ കൂടുതലായി വരുന്ന തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. i) ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും, 500 വാട്ട്സ് കണക്റ്റഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപയോഗ പരിധിയില്ലാതെ സൗജന്യമായി (20.04.2020 മുതൽ 19.06.2020 വരെ ലഭിക്കുന്ന ബില്ലിൽ) തന്നെ നൽകിയിട്ടുണ്ട്. ii) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ളതും ദാരിദ്ര്യ രേഖയ്ക്ക താഴെയുള്ള ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിയിരുന്ന വൈദ്യുതി, അവരുടെ ഉപഭോഗം എത്രയായിരുന്നാലും മുകളിൽ സൂചിപ്പിച്ച കാലയളവിൽ യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. iii) ലോക്ഡൗൺ കാലയളവിന് മുൻപ് പ്രതിമാസ ശരാശരി ഉപഭോഗം 50 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്ക് ലോക്ഡൗൺ കാലയളവിലെ അധിക ഉപഭോഗം മൂലമുണ്ടായിട്ടുള്ള വൈദ്യുതി ബിൽ തുകയുടെ (20.04.2020 മുതൽ |

| | | | |
|---|---|---|---|
| | | | 19.06.2020 വരെ ലഭിച്ച ബില്ലുകൾ) വർദ്ധനവിന്റെ 50 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്. iv) പ്രതിമാസ ശരാശരി ഉപഭോഗം, 100 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 30 ശതമാനം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. v) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റ് വരെയാണെങ്കിൽ വർദ്ധനവിന്റെ 25 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്. vi) പ്രതിമാസ ശരാശരി ഉപഭോഗം 150 യൂണിറ്റിൽ കൂടുതലായാൽ വർദ്ധനവിന്റെ 20 ശതമാനം സബ്സിഡിയായി നൽകിയിട്ടുണ്ട്. vii) 20.04.2020 മുതൽ 19.06.2020 വരെ ലഭിച്ച ബില്ലുകൾ 31.12.2020 വരെ പലിശരഹിതമായി ഒരുമിച്ചോ തവണ വ്യവസ്ഥയിലോ അടക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. (b) വാണിജ്യ, വ്യവസായ ഉപഭോക്താക്കളും സ്വകാര്യ ആശുപത്രികളും i) സ്വകാര്യ ആശുപത്രികൾക്കും വ്യവസായ/വാണിജ്യ ഉപഭോക്താക്കൾക്കും മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്/ ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകിയിട്ടുണ്ട്. ii) ബാക്കിയുള്ള (75 ശതമാനം) ഫിക്സഡ് ചാർജ്/ഡിമാന്റ് ചാർജ്, 15.12.2020 വരെ പലിശരഹിതമായി അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. |
| (ബി) | ലോക് ഡൗൺ മൂലം വരുമാനമാർഗ്ഗം ഇല്ലാതായതിനാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ല് അടയ്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | രാജ്യത്തെ സമസ്ത മേഖലകളുടെയും പ്രവർത്തനം ലോക്ഡൗൺ കാലയളവിൽ തടസ്സപ്പെട്ടതുമൂലവും മിക്കവാറും എല്ലാ ജനവിഭാഗങ്ങളുടെയും വരുമാനമാർഗ്ഗം ഗണ്യമായി കുറഞ്ഞതുമൂലവും കൃത്യമായ മാസവരുമാനമില്ലാത്ത ഉപഭോക്താക്കൾക്ക്, വൈദ്യുതി ബില്ലുകൾ അടയ്ക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരത്തിൽ എത്ര ഉപഭോക്താക്കളാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (സി) | ലോക്ക്ഡൗൺ മൂലം വരുമാന മാർഗ്ഗം ഇല്ലാതായത് മൂലം വൈദ്യുതി ബിൽ അടയ്ക്കാത്ത ഉപഭോക്താക്കളുടെ എണ്ണം ലഭ്യമല്ല. എന്നാൽ വൈദ്യുതി ബില്ലിൽ കുടിശ്ശിക വരുത്തിയവ രുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |
| (ഡി) | ലോക് ഡൗൺ കാലത്തെ ബില്ലടയ്ക്കാൻ സമയം നീട്ടിക്കൊടുത്തിരുന്നോ; എങ്കിൽ നീട്ടിക്കൊടുത്ത സമയം കഴിഞ്ഞിട്ടും ബില്ലടയ്ക്കാത്ത എത്ര പേരുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ലോക്ക്ഡൗൺ കാലത്തെ വൈദ്യുതിബിൽ തുക അടയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കൾക്ക് 31.12.2020 വരെ സമയം നീട്ടി നൽകിയിരുന്നു. നീട്ടിക്കൊടുത്ത സമയ പരിധി അവസാനിച്ചതിനാൽ ഉപഭോക്താക്കൾക്ക് വീണ്ടും നോട്ടീസ് കൊടുത്ത് കുടിശിക ഈടാക്കാനുള്ള നടപടികൾ KSEBL ആരംഭിച്ചിട്ടുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള സമയ പരിധി |

| | | | |
|---|---|---|---|
| | | | ആയിട്ടില്ല. എന്നാൽ ലോക്ക്ഡൗൺ കാലയളവിലല്ലാതെയുള്ള ബില്ലുകളിൽ കുടിശിക നിലവിലുണ്ടെങ്കിൽ ആ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ KSEBL വിച്ഛേദിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇൻഡസ്ട്രിയൽ കൊമേഴ്സ്യൽ ഉപഭോക്താക്കൾക്കും പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജിന്റെ 25 ശതമാനം റിബേറ്റ് നൽകുകയും ബാക്കി 75 ശതമാനം പിഴ കൂടാതെ ഒടുക്കുന്നതിന് 15.12.2020 വരെ സമയം അനുവദിച്ചിരുന്നു. സമയം നീട്ടി കൊടുത്തിട്ടും ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കു ന്നതിനുള്ള നടപടികളുടെ ഭാഗമായി അരിയർ നോട്ടീസ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ